

3

# വിസ്തൃതലോകവിതാനത്തിൽ

മലിനീകരണമുക്തമായ,
ശുദ്ധവും ഹരിതാഭവുമായ ഒരു
പരിസ്ഥിതി സാക്ഷാത്ക്കരിക്കാൻ
സുസ്ഥിരവികസനം പ്രാപ്തമാക്കുന്നു.

**പ്രചോദിപ്പിക്കുന്ന പ്രഭാഷണങ്ങൾ**
**(എ.പി.ജെ. അബ്ദുൽകലാം)**

**വികസനത്തെക്കുറിച്ചുള്ള ശാസ്ത്രീയ കാഴ്ചപ്പാടുകൾ എന്തായിരിക്കണം? പ്രഭാഷണഭാഗത്തെ മുൻനിർത്തി നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

*വെളിച്ചത്താൽ വരയ്ക്കുന്ന ചിത്രങ്ങളാണ്
ഭൂമിയിലെ തണലുകൾ.
ഇലകൾ കാറ്റായി തഴുകുന്നു.*

# മണ്ണും മനുഷ്യനും

മറയാൻപോകുന്ന സൂര്യൻ
വൃക്ഷത്തലപ്പുകളിൽ മഞ്ഞയും
ചുവപ്പുമൊക്കെ വാരിവിതറുന്നതും
നോക്കി ഞാനിരുന്നു. പതിവുപോലെ
എന്റെ മടിയിൽ പഴയ ഒരു
കവിതാപുസ്തകവുമുണ്ടായിരുന്നു.
പുസ്തകമുണ്ടായിരുന്നുവെങ്കിലും ഞാനതു
വായിക്കുന്നുണ്ടായിരുന്നില്ല. ഒരു ശീലത്തിന്
അതെടുത്തു എന്നേ ഉണ്ടായിരുന്നുള്ളൂ.
വായിച്ചു വായിച്ച് എല്ലാം മനഃപാഠമായിരുന്നു.

എനിക്ക് ഏറ്റവും ഇഷ്ടമുള്ള കവി -
അദ്ദേഹത്തിന്റെ വരികൾ മനസ്സിൽ,
മുറുകിയ ഒരു കമ്പി, ആരോ
പതുക്കെ മീട്ടുന്നതുപോലെ...
ഞാൻ മൂളുന്നുണ്ടായിരുന്നു...

"ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ..."

വീണ്ടും വീണ്ടും എന്റെ കവിയുടെ
വരികൾ ഞാൻ ഉരുവിട്ടുകൊണ്ടിരുന്നു...

"പൂക്കുന്നിതാമുല്ല, പൂക്കുന്നശോകം
പൂക്കുന്നു തേന്മാവ്, പൂക്കുന്നിലഞ്ഞി..."

അന്തിവെളിച്ചം പൂർണ്ണമായും മറയാൻ
പോകുകയായിരുന്നു. എങ്കിലും അപ്പോഴും
എന്റെ പറമ്പിന്റെ പടിഞ്ഞാറുള്ള വലിയ
മരങ്ങളും വള്ളികളും അവയിലെ
പൂക്കളും എനിക്കു കാണാമായിരുന്നു.

ഞാൻ ഇവിടെ വരുമ്പോൾ - അന്ന്
കൊച്ചിയിലെ എന്റെ ജോലിയിൽനിന്ന്
റിട്ടയർ ചെയ്തപ്പോഴാണ് - ഈ
സ്ഥലം മുഴുവൻ ഒരു വലിയ കാടു
പോലെയായിരുന്നു. എനിക്ക് തൃപ്തിയായി.
കുണ്ടും കുഴിയുമൊന്നുമില്ലാതെ
സമനിരപ്പായ സ്ഥലം.

"ഇഹമേനിഭൃത പ്രശാന്തം, ഈ -
യുലകാഹന്തനിസർഗസുന്ദരം -"

ഇവിടത്തെ വലിയ ഒരു
വീട്ടുകാരുടേതായിരുന്നു ഈ
സ്ഥലമൊക്കെ. ഭൂമി വിറ്റു ജീവിക്കേണ്ട
ആവശ്യമൊന്നും അവർക്കുണ്ടായിരുന്നില്ല.
എന്നിട്ടും എന്റെ ആവശ്യം കേട്ടപ്പോൾ
അവർ വിസമ്മതമൊന്നും കാട്ടിയില്ല
- വലിയ കാശും വാങ്ങിയില്ല.

അങ്ങനെ ഇവിടത്തെ ആദ്യത്തെ
കുടിയേറ്റക്കാരനായി ഞാൻ.....

മെയിൻറോഡിൽനിന്നു പത്തുമിനിറ്റ്
നടന്നാൽ ഇവിടെയെത്താം.
നഗരത്തിന്റെ ശബ്ദമോ ബഹളമോ
ഒന്നുമില്ല. തികച്ചും ശാന്തം.

ഇതായിരുന്നു ഈ സ്ഥലംതന്നെ
തിരഞ്ഞെടുക്കാൻ എന്നെ
പ്രേരിപ്പിച്ച പ്രധാന കാരണം.

എനിക്കുശേഷം വേറെയും ആൾക്കാർ
വന്നു - ചെറുതും വലുതുമായ
വീടുകൾ ഇവിടെ പൊന്തി. പക്ഷേ,
എന്നെ ഏറ്റവും അമ്പരപ്പിച്ചത് എന്റെ
അയൽപക്കത്തെ വീടായിരുന്നു.

അത് ഒരു വീടായിരുന്നില്ല - വലിയ ഒരു ബംഗ്ലാവ്, അല്ലെങ്കിൽ ഒരു കൊട്ടാരം തന്നെയായിരുന്നു!

എന്തിനാണ് ആളുകൾക്ക് ഇത്രയും വലിയ വീട്?

പക്ഷേ, അതു തീരുമാനിക്കേണ്ടതു വീടുവയ്ക്കുന്ന ആളാണല്ലോ.

വീടുവയ്ക്കുന്ന ആളെക്കുറിച്ച് പറയുമ്പോൾ - ആർക്കും അദ്ദേഹത്തെക്കുറിച്ച് അധികമൊന്നും അറിയുമായിരുന്നില്ല. ആകെ അറിഞ്ഞത് ഇത്രമാത്രം ആയിരുന്നു- അകലെ എവിടെയോ ഉള്ള ആളാണ്. വളരെ ചെറുപ്പത്തിൽത്തന്നെ ഗൾഫിൽ പോയി. ധാരാളം കാശുണ്ടാക്കി. ഇപ്പോൾ ഒന്നിലധികം രാജ്യങ്ങളിൽ സ്വന്തമായി ബിസിനസ്സുണ്ട്. ഭാര്യ നേരത്തേ മരിച്ചു പോയി.

മക്കൾ രണ്ടുപേർ അമേരിക്കയിൽ ഉന്നതവിദ്യാഭ്യാസം ചെയ്യുന്നു...

പേര്...?

ഒരു കെ.യു. നായർ...

അത് ഉണ്ണികൃഷ്ണനാകാം, ഉമാനാഥനാകാം, ഉണ്ണീരിക്കുട്ടിയാകാം...

തിട്ടമായി ആർക്കുമറിയില്ല.

അദ്ദേഹം വീടുവച്ചതിനെക്കുറിച്ചു പറഞ്ഞാൽ - വിശ്വസിക്കാൻ കഴിയില്ല. കണ്ണടച്ചു തുറക്കുന്നതിനിടയിലാണ് പണി പൂർത്തിയായത്. അറബിക്കഥയിലെ രാജകുമാരന് ഭൂതം മണിമാളിക പണിതുകൊടുത്തതുപോലെ. ഭൂതത്തിന് ഒരു രാവു മതിയായിരുന്നു. പക്ഷേ, ഇവിടെ ഏതാനും



ആഴ്ചകൾ വേണ്ടിവന്നു എന്ന വ്യത്യാസമുണ്ട്. പിന്നെ ഭൂതങ്ങൾക്കു പകരം എൻജിനീയർമാർ, ഓവർസിയർമാർ, ജോലിക്കാർ, യന്ത്രങ്ങൾ...

എന്തൊരു ഘോഷമായിരുന്നു!

എന്നിട്ട്, ഇങ്ങനെയൊരു വീട് ഇവിടെ എടുത്തിട്ട്, കൊല്ലത്തിൽ എത്ര ദിവസമാണ് അദ്ദേഹം...

ഒന്നോ രണ്ടോ ആഴ്ചകൾ!

അമേരിക്കയിലെ മക്കൾ ഇവിടെവന്നു താമസിക്കുന്നത് ആരും കണ്ടിട്ടില്ല.

അവർക്കും അവിടെ അവരുടേതായ തിരക്കുകൾ ഉണ്ടായിരിക്കുമല്ലോ.

എങ്കിലും വീട് ഒരിക്കലും പൂട്ടിക്കിടന്നിരുന്നില്ല.

ഒരു കെയർടെയ്ക്കർ ഉണ്ടായിരുന്നു.

പിന്നെ, അദ്ദേഹം ഇവിടെ താമസിക്കാൻ വന്നപ്പോഴൊക്കെ ടൗണിലെ മുന്തിയ ഹോട്ടലിൽനിന്ന് ഒരു ബട്‌ലറും വന്നു.

മഞ്ഞുവീഴാൻ തുടങ്ങുന്നതിനുമുൻപായി ഞാൻ എഴുന്നേറ്റു വീട്ടിലേക്കു പോയി. രാത്രി ഭക്ഷണം തയ്യാറാക്കേണ്ടതുണ്ടായിരുന്നു. പക്ഷേ, അതു ബുദ്ധിമുട്ടുള്ള ഒരു പണിയായിരുന്നില്ല. ജൈവവളം മാത്രം ഉപയോഗിച്ച് കീടനാശിനികളൊന്നും തളിക്കാതെ എന്റെ ചങ്ങാതി കുഞ്ഞിക്കണ്ണൻ തമിഴ്നാട്ടിലെ ഊത്തുകോട്ടയിൽ കൃഷിയിടത്തിൽ ഉണ്ടാക്കുന്ന മേത്തരം 'ബാ പട്‌ല' അരിയുണ്ട് - മിനിറ്റുകൾകൊണ്ട് അരിവെന്ത് ഒന്നാന്തരം ചോറാകും. പിന്നെ മഞ്ചേരിയിൽനിന്ന് മേനോൻ അയച്ചുതന്ന ഒന്നാന്തരം കടുമാങ്ങ...



ഉച്ചയ്ക്കു ഞാൻതന്നെ വച്ച ചെറുപയർ പുഴുക്ക് ഒന്നു ചൂടാക്കുകകൂടി ചെയ്തു.

ഡിന്നർ റെഡി!

ഉറങ്ങാൻ കിടന്നപ്പോൾ മനസ്സിൽ ഒരലട്ടലുമില്ലായിരുന്നു. അതുകൊണ്ട് സുഖനിദ്ര. ചത്തപോലെ ഉറങ്ങി എന്നൊക്കെ പറയാറില്ലേ, അതുതന്നെ...

പുലർച്ചെ പതിവുപോലെ നേരത്തേതന്നെ എഴുന്നേറ്റു. പ്രാഥമികകൃത്യങ്ങളൊക്കെ നിർവഹിച്ചതിനു ശേഷം നടക്കാൻ പോയി. എന്നുമെന്നപോലെ ഇടവഴികളിലൂടെത്തന്നെയാണു നടന്നത്.

മണ്ണും പൊടിയും ചളിയുമൊക്കെ ചവിട്ടിമാറ്റി ഏതോ ഒരത്യാവശ്യകാര്യം നിർവഹിക്കുന്ന സന്തോഷത്തോടെ ധൃതിയിൽ...

സൂര്യൻ ഉദിച്ചുയരുന്നതിനുമുൻപായി ഞാൻ വീട്ടിൽ തിരിച്ചെത്തി, അപ്പോൾ...

ഞാൻ കണ്ടു. അദ്ദേഹം ബംഗ്ലാവിന്റെ ഗെയ്റ്റിനരികിൽ നിൽക്കുന്നു.

ഞാൻ നേരേ നോക്കി. അദ്ദേഹം കുശലം ഭാവിക്കുകയും പുഞ്ചിരിക്കുകയും ചെയ്തുവെങ്കിലും എനിക്കു സത്യത്തിൽ അപ്പോൾ എന്തെന്നില്ലാത്ത അമ്പരപ്പാണുണ്ടായത്.

അദ്ദേഹം പഴയ ആളേ ആയിരുന്നില്ല. പഴയ ആളുടെ ഒരു നിഴൽ മാത്രമായിരുന്നു. കണ്ണുകൾ കുഴിയിലേക്കു പോയി. വിളറി, ഒരു പ്രേതത്തെപ്പോലെ...

ഒരിക്കലും അങ്ങനെയുള്ള ഒരാളായിരുന്നില്ലല്ലോ!

ഈ ബംഗ്ലാവ് കെട്ടുമ്പോഴും ഈ അടുത്തകാലംവരെയുംതന്നെ... എന്തുമാത്രം ഊർജസ്വലനായിരുന്നു! അങ്ങനെയുള്ള ആളാണ് ഇപ്പോൾ പെട്ടെന്ന്...

സൗകര്യത്തോടെ ബംഗ്ലാവിൽ ചെന്ന് അദ്ദേഹവുമായി സംസാരിക്കണമെന്ന് എനിക്കു തോന്നി.


ആരുമായും അടുത്തിടപഴകുന്ന ആളല്ല എന്നതു ശരിതന്നെ. എന്നാലും എന്നോട് അങ്ങനെയായിരുന്നില്ലല്ലോ. എന്തോ, എന്നോട് ഒരു മമതയുണ്ട് എന്നുതന്നെയാണ് എന്റെ വിശ്വാസം.

ഈ വിശ്വാസത്തിന്റെ ബലത്തിന്മേലാണല്ലോ ചുരുക്കം ചില സന്ദർഭങ്ങളിലെങ്കിലും അദ്ദേഹത്തിന് ഇഷ്ടമാകില്ല എന്നറിഞ്ഞുകൊണ്ടുതന്നെ ചില കാര്യങ്ങളെക്കുറിച്ച് അദ്ദേഹവുമായി സംസാരിച്ചിട്ടുള്ളതും.

ഉദാഹരണത്തിന് -

അദ്ദേഹത്തിന്റെ പറമ്പിലെ കൂറ്റൻ മരങ്ങൾ മുഴുവൻ അദ്ദേഹം മുറിച്ചുനീക്കിയപ്പോൾ. ആദ്യം മരങ്ങൾ മുറിച്ചത് ബംഗ്ലാവു വയ്ക്കേണ്ടതിനായിരുന്നു. ഇത് ആവശ്യംതന്നെ. പിന്നീട് ബംഗ്ലാവിന്റെ മുൻപിലെ മരങ്ങളൊഴിഞ്ഞ സ്ഥലം മുഴുവൻ അദ്ദേഹം ഇന്റർലോക്കിങ് ടൈലുകൾ പതിച്ചു -

എവിടെ നോക്കിയാലും ഒരുതരി മണ്ണുപോലും കാണാൻ



കഴിയില്ല. പല നിറങ്ങളിലുമുള്ള ടൈൽസ് മാത്രം.
ഏറെ കാശു ചെലവായിട്ടുണ്ടാകുമെന്നു തീർച്ച. പക്ഷേ, അധികം വൈകാതെതന്നെ അദ്ദേഹം ഈ ടൈൽസൊക്കെ കിളച്ചുമാറ്റി അവിടം മുഴുവൻ വെളുത്ത വിലകൂടിയ മാർബിൾ വിരിച്ചു! കണ്ടവരൊക്കെ അന്തംവിട്ടു നിന്നുവെങ്കിലും അദ്ദേഹത്തിനു പൂർണ്ണ തൃപ്തിയായിരുന്നു. ഇവിടെ വീട്ടിൽ വരുന്നവർക്കൊന്നും മണ്ണിലോ അല്ലെങ്കിൽ ടൈൽസിലോ ചവിട്ടി കാലുകൾ വൃത്തികേടാകത്തില്ലല്ലോ.

ബംഗ്ലാവിന്റെ പുറകിലെ കൂറ്റൻ മരങ്ങളും അധികകാലം അവിടെ നിന്നില്ല.

ഇതു കണ്ടപ്പോഴാണ് ഞാൻ പറഞ്ഞുപോയത് - "മുഷിയരുത്; പറയുന്നതു തെറ്റാണെങ്കിൽ മാപ്പാക്കണം - നിങ്ങൾ ലോകം കണ്ട ആളാണ്. വിവരമുള്ള ആളുമാണ്..."

അദ്ദേഹം ചോദിച്ചു:

"എന്തേ?"

ഞാൻ പറഞ്ഞു:

"ഈ മരങ്ങൾ... അതവിടെ നിൽക്കുന്നതുകൊണ്ട്..." അപ്പോൾ എന്നെ പൂർത്തിയാക്കാൻ അദ്ദേഹം അനുവദിച്ചില്ല.

"വേണ്ട, എനിക്ക് എപ്പോഴും നല്ല കാറ്റും വെളിച്ചവും വേണം. വൃത്തിയും. ഈ മരങ്ങളൊക്കെ ഇവിടെ... സ്ഥലമാകെ ഇരുട്ടും പരത്തി... വേണ്ട വേണ്ട..."

പിന്നീട് ഞാനൊന്നും പറയാൻ പോയില്ല.

എങ്കിലും അപ്പോഴും അവിടെ ഒരു മരം ബാക്കിനിൽപ്പുണ്ടായിരുന്നു.

വീട്ടിലെ കാർഷെഡ്ഡിനു സമീപത്തെ കൂറ്റൻ പൊൻചെമ്പകം.

പണ്ട് ആരോ നട്ട ഈ മരം കാണാൻ വളരെ ഭംഗിയുള്ളതായിരുന്നു. ആകാശത്തിലേക്ക് ഉയർന്ന്, പടർന്നു പന്തലിച്ച് ഏറെ പ്രൗഢിയോടെ അത് അവിടെ നിന്നു.

സീസണായാൽ അതു മുഴുവൻ പൊൻനിറമുള്ള പൂക്കളായിരുന്നു.

മനസ്സിനെ ഏറെ മദിപ്പിക്കുന്ന ഒരു സുഗന്ധം അത് അവിടം മുഴുവൻ പ്രസരിപ്പിക്കുകയും ചെയ്തു.

എത്ര തവണ ആ നല്ല മരത്തെയും അതിലെ പൂക്കളെയും നോക്കി ഞാൻ ഇവിടെ നിന്നിട്ടില്ല!

ആ മരമാണ് ഒരു ദിവസം -

മുകളിലത്തെ ശിഖരംമാത്രം നിലനിർത്തി ബാക്കി എല്ലാ ശാഖകളും അറുത്തിട്ടിരിക്കുന്നു!

കുറെനേരത്തേക്ക് ഒന്നും പറയാൻ കഴിയാതെ ഞാൻ സ്തംഭിച്ചുനിന്നു.

എന്റെ നിൽപ്പു കണ്ടപ്പോഴുണ്ടായ വല്ലായ്മകൊണ്ടായിരിക്കണം, അദ്ദേഹം തെല്ലു ജാള്യതയോടെ പറഞ്ഞു:

“ഇലകളും പൂക്കളുമൊക്കെ കൊഴിഞ്ഞ് ഈ സ്ഥലം മുഴുവൻ വൃത്തികേടാകുന്നു.”

“എന്നാൽ പിന്നെ ആ മരം അടിവേരുതന്നെ വെട്ടിയിടാമായിരുന്നില്ലേ?” എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം ഒന്നും പറഞ്ഞില്ല.

“നിങ്ങളൊരു രാക്ഷസനാണോ” എന്ന് ഞാൻ മനസ്സുകൊണ്ട് അപ്പോൾ ചോദിച്ചുപോയി.

ഇവിടെ താമസമാക്കിയതിന്റെ ആദ്യനാളുകളിലൊന്നിൽ അദ്ദേഹം എന്റെ വീട്ടിൽ വന്നിരുന്നു.

സ്വീകരണമുറിയിലും കിടപ്പുമുറികളിലും ഉപയോഗിക്കാത്ത ഒരു കുളിമുറിയിലും പലമാതിരി പുസ്തകങ്ങൾ അട്ടിയിട്ടിരിക്കുന്നതു കണ്ടപ്പോൾ - കൂട്ടത്തിൽ ഞാനെഴുതിയ പുസ്തകങ്ങളുമുണ്ടായിരുന്നു. അദ്ദേഹം തെല്ലോരദ്ഭുതത്തോടെ ചോദിച്ചു:

“ഇതൊക്കെ നിങ്ങൾ വായിക്കുമോ?”

ഞാൻ ചിരിച്ചുനിന്നതല്ലാതെ ഒന്നും പറഞ്ഞില്ല. അപ്പോൾ അദ്ദേഹം വീണ്ടും പറഞ്ഞു:

“നിങ്ങൾ ഒരു പുസ്തകപ്രിയനാണ് എന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. വൈകുന്നേരങ്ങളിൽ മതിലിന്നരികിൽ ഒരു കസാലയുമിട്ട് പടിഞ്ഞാറോട്ടു നോക്കിയിരിക്കാറുണ്ടല്ലോ. മടിയിൽ ഒരു പുസ്തകവുമുണ്ടാകും... എന്താണ് ഇത്ര ശ്രദ്ധിച്ചു പടിഞ്ഞാറോട്ടുതന്നെ നോക്കി...”

ഞാൻ പറഞ്ഞു:

“ഞാൻ മരങ്ങളെ നോക്കിയിരിക്കുകയാണ്...”

അദ്ദേഹത്തിനു വിശ്വസിക്കാൻ കഴിഞ്ഞില്ല.

“മരങ്ങളെയോ? മരങ്ങളെ എന്താണിത്ര നോക്കാനുള്ളത്?” ഞാൻ ഒന്നും പറഞ്ഞില്ല.

അല്ലെങ്കിൽ എന്തു പറഞ്ഞാലാണ് അദ്ദേഹത്തിനു മനസ്സിലാവുക?

ക്ഷീണിതനായ അദ്ദേഹത്തെ ചെന്നു കാണണമെന്നു വിചാരിച്ചിരുന്നപ്പോൾ ഈ വിധം ചിന്തകളൊക്കെ എന്റെ മനസ്സിലൂടെ കടന്നുപോയി.



അപ്പോഴാണ് അദ്ദേഹത്തിന്റെ കെയർടെയ്ക്കർ വന്നു വളരെ ഭവ്യതയോടെ പറഞ്ഞത്.

"അദ്ദേഹത്തിനു സാറിനെ ഒന്നു കാണണമെന്നുണ്ട്. എപ്പോഴാണ് സൗകര്യപ്പെടുക?"

ഞാൻ പറഞ്ഞു:

"ഞാൻ അങ്ങോട്ടു വന്നുകൊള്ളാം."

ഞാൻ ബംഗ്ലാവിൽ ചെന്നപ്പോൾ അദ്ദേഹം സ്വീകരണമുറിയിൽ ചിന്താധീനനായിരിക്കുകയായിരുന്നു.

എന്നെ കണ്ടപാടെ എന്റെ കൈപിടിച്ച് സോഫയിലിരുത്തി.

ക്ഷീണിതനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പിടിത്തത്തിനു നല്ല ബലമുണ്ടായിരുന്നു.

അല്പനേരം മൗനമായിരുന്നതിനുശേഷം അദ്ദേഹം എങ്ങോട്ടോ നോക്കി പതുക്കെ പറയാൻ തുടങ്ങി:

"കുറേ നാളുകളായി ആരോടെങ്കിലും പറയണമെന്നു വിചാരിക്കാൻ തുടങ്ങിയിട്ട് - ഭാര്യ മരിച്ചിട്ട് വർഷങ്ങളായി - ഇല്ലെങ്കിൽ അവളോടു പറയാമായിരുന്നു. പിന്നെ... എനിക്കു പറയാൻ ഇവിടെ ആരുമില്ല. ആളുകളുമായി അടുത്തിടപെടുന്ന ഒരു സ്വഭാവക്കാരനുമല്ല ഞാൻ. പക്ഷേ, എന്തുകൊണ്ടോ കണ്ടപ്പോൾത്തന്നെ നിങ്ങളിൽ ഒരു വിശ്വാസം തോന്നിയിരുന്നു. എന്നിട്ടും... നിങ്ങളുമായും വളരെയൊന്നും അടുത്തിടപെട്ടിട്ടില്ല. എന്തോ, എന്റെ സ്വഭാവം അങ്ങനെയായിപ്പോയി... നിങ്ങൾക്കറിയാമോ എന്നറിഞ്ഞുകൂടാ... വളരെ ദരിദ്രമായ ചുറ്റുപാടുകളിൽനിന്നു വരുന്നവനാണ് ഞാൻ. വിദ്യാഭ്യാസവും കുറവാണ്. എങ്കിലും കഠിനാധ്വാനത്താൽ ഞാൻ കുറച്ചു കാശുണ്ടാക്കി. കുറച്ച് എന്നു പറഞ്ഞാൽ... നിങ്ങൾക്ക് ഊഹിക്കാൻ കഴിയില്ല. ഒന്നിലധികം രാജ്യങ്ങളിൽ എനിക്ക് സ്വന്തമായ ബിസിനസ്സ് സ്ഥാപനങ്ങളുണ്ട്. എല്ലാം ഇപ്പോഴും വളരെ നല്ലനിലയിൽ നടക്കുന്നു...

എനിക്ക് കിട്ടാൻ കഴിയാത്ത വിദ്യാഭ്യാസം എന്റെ രണ്ടു മക്കൾക്കും കൊടുക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അവർ ഇവിടെ പഠിച്ചതു 'ലവ്ഡെയിലി'ലാണ്. പണത്തിന്റെ ഒരു കുറവും ഞാൻ അവർക്കു വരുത്തിയില്ല.

ഇപ്പോൾ അവർ പഠിക്കുന്നത് - ഒരുത്തൻ എം.ഐ.ടി.യിൽ. മറ്റവൻ ഹാർവെഡിലും. രണ്ടാളും പഠിക്കാൻ വളരെ മിടുക്കരുമാണ്.

"എനിക്കിവിടെ വേറെയും വീടുകളുണ്ട്. പക്ഷേ, ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്നത് ഇതാണ്. വയസ്സായാൽ, ആരോഗ്യമൊക്കെ ക്ഷയിക്കുന്നുണ്ട് എന്നു തോന്നിയാൽ, ഇവിടെ വന്ന് എന്റെ മക്കളുടെയും അവരുടെ ഭാര്യമാരുടെയും പേരക്കുട്ടികളുടെയുമൊക്കെകൂടി സന്തോഷത്തോടെ, കാര്യമായ ഒരു ജോലിയും ചെയ്യാതെ... ഇതായിരുന്നു എന്റെ ഏറ്റവും വലിയ മോഹം... എന്റെ സ്വപ്നവും ഇതായിരുന്നു. ഞാൻ അങ്ങനെ സ്വപ്നങ്ങളൊക്കെ കാണുന്ന ഒരുവനായിരുന്നില്ല; ജീവിതത്തിൽ എനിക്കു മോഹങ്ങളേ ഉണ്ടായിരുന്നുള്ളൂ.... മോഹങ്ങൾ മാത്രം... പക്ഷേ... ഇപ്പോൾ."

അദ്ദേഹം പറയുന്നതു നിർത്തി ഏങ്ങലടിക്കാൻ തുടങ്ങി.
എനിക്ക് ഒന്നും മനസ്സിലായില്ല.

അല്പനേരത്തെ മൗനത്തിനുശേഷം അദ്ദേഹം തുടർന്നു:

"ഇപ്പോൾ അവർ എഴുതിയിരിക്കുകയാണ്... ഞങ്ങൾ ഇവിടെ വിവാഹം കഴിച്ചിരിക്കുന്നു. ഞങ്ങൾക്ക് ഇനി അങ്ങോട്ടു മടങ്ങേണ്ടുന്ന ഉദ്ദേശ്യമില്ല; ഇവിടെ നല്ല ജോലിക്കുള്ള സാധ്യതയുണ്ട്. അച്ഛൻ ഇനി..."

അദ്ദേഹം വീണ്ടും കരയാൻ തുടങ്ങി.

എനിക്ക് അദ്ഭുതം തോന്നി.


എന്തൊക്കെയോ പറഞ്ഞ് അദ്ദേഹത്തെ സമാധാനിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അതൊന്നും...

രാത്രി എനിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല.

അദ്ദേഹവുമായി നീണ്ടകാലത്തെ പരിചയമൊന്നുമില്ലായിരുന്നുവെങ്കിലും ഓർമ്മിക്കാനായി എനിക്ക് പലതുമുണ്ടായിരുന്നു. ആ ഓർമ്മകളിലൂടെയൊക്കെ...

രാവിലത്തെ പതിവുനടത്തവും കഴിഞ്ഞു മടങ്ങിയെത്തിയപ്പോൾ ബംഗ്ലാവിന്റെ ഗേറ്റ് മലർക്കെ തുറന്നിട്ടിരിക്കുന്നതാണു കണ്ടത്. സാധാരണയായി എപ്പോഴും അതടച്ചിടാറാണു പതിവ്. പക്ഷേ, ഇന്ന്...

ഞാൻ അവിടെ സംശയിച്ചുനിന്നപ്പോൾ കെയർടെയ്ക്കർ വന്നു.



അയാളുടെ മുഖത്ത് പതിവില്ലാത്ത പരിഭ്രമം ഞാൻ കണ്ടു.

ഞാൻ ചോദിച്ചു:

"എന്തേ...?"

"രാത്രി അദ്ദേഹം പോയി. പെട്ടെന്നെടുത്ത തീരുമാനമാണെന്നാണു തോന്നുന്നത്. എങ്ങോട്ടേക്കാണെന്നോ ഇനി എപ്പഴാണു വരികയെന്നോ ഒന്നും പറഞ്ഞില്ല... സാധാരണയായി..."

"നിങ്ങളോടെന്തെങ്കിലും പറഞ്ഞിരുന്നോ? നിങ്ങളെന്തെങ്കിലും അറിയുമോ?"

ഒന്നും പറയാൻ കഴിയാതെ ഞാൻ നിന്നു. എനിക്കും ഒന്നും അറിയുകയില്ലല്ലോ.

**നിങ്ങളെ എനിക്കറിയാം**

**(ടി. പത്മനാഭൻ)**

"എന്തിനാണ് ആളുകൾക്ക് ഇത്രയും വലിയ വീട്? പക്ഷേ, അതു തീരുമാനിക്കേണ്ടത് വീടുവയ്ക്കുന്ന ആളാണല്ലോ."

- ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ **പ്രതികരണം എന്താണ്?**

- "മറയാൻ പോകുന്ന സൂര്യൻ വൃക്ഷത്തലപ്പുകളിൽ മഞ്ഞയും ചുവപ്പുമൊക്കെ വാരിവിതറുന്നതും നോക്കി ഞാനിരുന്നു."
- "അന്തിവെളിച്ചം പൂർണ്ണമായും മറയാൻ പോകുകയായിരുന്നു."

കഥയുടെ തുടക്കത്തിൽ കാണുന്ന ഈ വാക്യങ്ങളിൽ കഥാന്ത്യത്തെക്കുറിച്ചുള്ള സൂചനകളുണ്ടോ? **അഭിപ്രായം സമർഥിക്കുക.**

- "എവിടെ നോക്കിയാലും ഒരുതരി മണ്ണുപോലും കാണാൻ കഴിയില്ല. പല നിറങ്ങളിലുള്ള ടൈൽസ് മാത്രം."
- "ഇലകളും പൂക്കളുമൊക്കെ കൊഴിഞ്ഞ് ഈ സ്ഥലം മുഴുവൻ വൃത്തികേടാകുന്നു."
- "എന്നാൽ പിന്നെ ആ മരം അടിവേരുതന്നെ വെട്ടിയിടാമായിരുന്നില്ലേ?"

കഥാസന്ദർഭങ്ങൾ വർത്തമാനകാല ജീവിതാവസ്ഥകളുമായി എങ്ങനെയെല്ലാം ബന്ധപ്പെടുന്നു? **വിശകലനം ചെയ്യുക.**

- "ഞാൻ ഇവിടെ വരുമ്പോൾ - അന്ന് കൊച്ചിയിലെ എന്റെ ജോലിയിൽനിന്ന് റിട്ടയർ ചെയ്തപ്പോഴാണ് - ഈ സ്ഥലം മുഴുവൻ ഒരു വലിയ കാടുപോലെയായിരുന്നു. എനിക്ക് തൃപ്തിയായി."
- "വേണ്ട, എനിക്ക് എപ്പോഴും നല്ല കാറ്റും വെളിച്ചവും വേണം. വൃത്തിയും. ഈ മരങ്ങളൊക്കെ ഇവിടെ... സ്ഥലമാകെ ഇരുട്ടും പരത്തി... വേണ്ട വേണ്ട..."

സന്ദർഭങ്ങളിലെ രണ്ടു കഥാപാത്രങ്ങളുടെയും മനോഭാവങ്ങൾ വിശകലനം ചെയ്ത് **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

പ്രമേയം, ആഖ്യാനരീതി, ഭാഷ എന്നിവ പരിഗണിച്ച് 'മണ്ണും മനുഷ്യനും' എന്ന കഥയ്ക്ക് **നിരൂപണം തയ്യാറാക്കുക.**

'ചത്തപോലെ ഉറങ്ങി' - എന്ന ശൈലി സന്ദർഭത്തിനു നൽകുന്ന സവിശേഷാർഥം എന്ത്? ഇത്തരത്തിലുള്ള നിരവധി ശൈലികൾ പ്രയോഗത്തിലുണ്ടല്ലോ. വിവിധ ശൈലികൾ കണ്ടെത്തി ആശയം വിശദീകരിച്ച് **പതിപ്പ് തയ്യാറാക്കുക.**

"എത്ര തവണ ആ നല്ല മരത്തെയും അതിലെ പൂക്കളെയും നോക്കി ഞാൻ ഇവിടെ നിന്നിട്ടില്ല."
ഈ വാക്യത്തിലെ 'നിന്നിട്ടില്ല' എന്ന പ്രയോഗത്തിന്റെ **സവിശേഷത ചർച്ചചെയ്യുക.**